# 13-ാം കേരള നിയമസഭ

## 1-ാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. **2198** **15-7 - 2011**ൽ മറുപടിക്ക്

**സർവ്വകലാശാലകളിലെ അനദ്ധ്യാപക നിയമനം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി.ഡി. സതീശൻ<br>ശ്രീ. ബെന്നി ബെഹനാൻ<br>ശ്രീ.ഷാഫി പറമ്പിൽ<br>ശ്രീ. വി.റ്റി.ബൽറാം | ശ്രീ. പി.കെ അബ്ദുറബ്ബ്<br>(ബഹു. വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) സർവ്വകലാശാലകളിലെ അനദ്ധ്യാപക തസ്തികകളിലേക്കുള്ള നിയമനം പി.എസ്.സി. യ്ക്ക് വിടാൻ മുൻ സർക്കാർ കൈക്കൊണ്ട തീരുമാനം നടപ്പിലാക്കിയോ; | (എ) ഇല്ല. |
| (ബി) ഇല്ലെങ്കിൽ നടപ്പിലാക്കുന്നതിനുള്ള കാലതാമസവും, തടസ്സവും എന്താണെന്ന് വ്യക്തമാക്കുമോ? | (ബി) സർവ്വകലാശാലകളിലെ അനദ്ധ്യാപക നിയമനം കേരള പബ്ലിക് സർവ്വീസ് കമ്മീഷന് വിടാനുള്ള തീരുമാനം നടപ്പിലാക്കുന്നതിന് സർവ്വകലാശാലകളിലെ നിയമങ്ങളിൽ ഭേദഗതി ആവശ്യമാണ്. ഭരണ ഘടനയുടെ 321-ാം അനുച്ഛേദം അനുശാസിക്കുന്ന പ്രകാരം പ്രത്യേക നിയമ നിർമ്മാണം നടത്തിയാൽ മാത്രമേ പ്രസ്തുത ചുമതല കേരള പബ്ലിക് സർവ്വീസ് കമ്മീഷന് അധികമായി നൽകാൻ കഴിയുകയുള്ളൂ. ആയതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. |

**സെക്ഷൻ ഓഫീസർ**